പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1583          22.03.2013 - ൽ മറുപടിയ്ക്ക്

## സാമൂഹിക സുരക്ഷാ മിഷനും വയോമിത്രം ക്ലിനിക്കുകളും

ചോദ്യം

ശ്രീ. വി. എസ്. സുനിൽ കുമാർ
,, കെ. അജിത്
,, ജി. എസ്. ജയലാൽ
,, കെ. രാജു

ഉത്തരം

**ഡോ. എം.കെ. മുനീർ**
( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹിക സുരക്ഷാ മിഷനു കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് വ്യക്തമാക്കുമോ; ഈ പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ വീഴ്ച വന്നിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; | (എ) | സ്ത്രീകൾ, കുട്ടികൾ, വികലാംഗർ, വയോജനങ്ങൾ, അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.<br><br>1. ക്യാൻസർ സുരക്ഷാ പദ്ധതി<br>2. താലോലം പദ്ധതി<br>3. ആശ്വാസ കിരണം പദ്ധതി<br>4. സ്നേഹസ്പർശം പദ്ധതി<br>5. സ്നേഹസാന്ത്വനം പദ്ധതി<br>6. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി<br>7. വയോമിത്രം പദ്ധതി<br>8. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണൽ കെയർ പ്രൊവൈഡേഴ്സിനെ വയ്ക്കുന്ന പദ്ധതി<br>9. വിശപ്പു രഹിത നഗരം പദ്ധതി<br>10. ശ്രുതിതരംഗം പദ്ധതി<br>11. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി<br>12. സ്നേഹപൂർവ്വം പദ്ധതി<br>13. ഒ.ആർ.സി. പദ്ധതി<br><br>പദ്ധതികളുടെ നടത്തിപ്പിൽ വീഴ്ച വന്നിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | വയോമിത്രം ക്ലിനിക്കുകളുടെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാം; ഈ ക്ലിനിക്കുകളിൽ മരുന്നുകൾ പോലും യഥാസമയം നൽകുന്നില്ലെന്നുള്ള പരാതിയിന്മേൽ എന്തു നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) | സംസ്ഥാനത്ത് തെരഞ്ഞെടുത്ത കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പ്രദേശത്തെ 65 വയസ്സിന്മേൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി നടപ്പാക്കി വരുന്ന വയോമിത്രം പദ്ധതി പ്രകാരം ഡോക്ടർ, നഴ്സ്, ജെ.പി.എച്ച്.എൻ എന്നിവരുടെ സേവനം ലഭ്യമാക്കി വരുന്നു. പദ്ധതി മുഖേന വയോജനങ്ങൾക്ക് വേണ്ട വൈദ്യ പരിശോധന നടത്തുകയും ആവശ്യമായ മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്യുന്നു. വയോമിത്രം ക്ലിനിക്കുകളിൽ മരുന്നുകൾ ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

R. Vijayan

സെക്ഷൻ ഓഫീസർ